No. CEE/4900/2015/KEAM-2016/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2016

## സർക്കാർ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കും, രണ്ട് സ്വകാര്യ സ്വാശ്രയ കോളേജുകളിലെ അധിക സീറ്റുകളിലേയ്ക്കുമുള്ള സ്പോട്ട് അഡ്മിഷൻ

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ആൾ ഇന്ത്യാ ക്വാട്ടയിൽ നിന്നും തിരികെ ലഭിച്ച സീറ്റുകളിലേയ്ക്കും , സ്റ്റേറ്റ് ക്വാട്ടയിൽ ഒഴിവുവന്ന എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലേയ്ക്കും, തിരുവനന്തപുരം, വെഞ്ഞാറമൂട് ശ്രീ ഗോകുലം മെഡിക്കൽ കോളേജിന് അധികമായി അനുവദിച്ചുകിട്ടിയ **100** സീറ്റുകളിൽ സംസ്ഥാന സർക്കാറിന് അലോട്ട്മെന്റിനായി ലഭ്യമായ **50** എം.ബി.ബി.എസ് സീറ്റുകളിലേയ്ക്കും, തിരുവനന്തപുരം, വർക്കല, അകത്തുമുറി ശ്രീ ശങ്കരാ ഡന്റൽ കോളേജ് പുതുതായി സർക്കാർ ക്വാട്ടയിലേയ്ക്ക് വിട്ടുനൽകിയ **25** ബി.ഡി.എസ് സീറ്റുകളിലേയ്ക്കും പ്രവേശനം നടത്തുന്നതിനായി ഒരു സ്പോട്ട് അഡ്മിഷൻ **30.09.2016 (വെള്ളിയാഴ്ച) രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം, ഗവ: മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. പ്രവേശനം നടത്തുന്നതിനായി ബന്ധപ്പെട്ട കോളേജ് അധികാരികൾ സ്പോട്ട് അഡ്മിഷൻ നടക്കുന്ന സ്ഥലത്ത് സന്നിഹിതരായിരിക്കും.

സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള ളതും എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സ് പ്രവേശനത്തിന് യോഗ്യത നേടിയതുമായ വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷന് പങ്കെടുക്കാവുന്നതാണ്. നിലവിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയില്ല.

സ്പോട്ട് അഡ്മിഷന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

(i) നിലവിൽ കണ്ണൂർ പരിയാരം മെഡിക്കൽ/ഡന്റൽ കോളേജുകളിലോ, സർക്കാർ ഡന്റൽ കോളേജുകളിലോ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിലൂടെ പുതുതായി അലോട്ട്മെന്റ് ലഭിക്കു കയാണെങ്കിൽ അവർ ഒഴിവാക്കപ്പെടുന്ന എം.ബി.ബി.എസ്/ ബി.ഡി.എസ് സീറ്റുകളും അപ്പപ്പോൾ തന്നെ നികത്തുന്നതാണ്.

(ii) ഒരേ കോഴ്സിന് ഒരു സർക്കാർ കോളേജിൽ നിന്ന് മറ്റൊരു സർക്കാർ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല.

(iii) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകൾ എന്നിവയുടെ അസ്സൽ സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്.

(iv) സംസ്ഥാനത്തിനകത്ത് മറ്റേതെങ്കിലും കോഴ്സ്/കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ല എന്ന് കാണിക്കുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (**No Objection Certificate**), പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ എന്നിവ സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്.

(v) പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ സർക്കാർ മെഡിക്കൽ/ഡന്റൽ കോളേജുകളിലോ, കണ്ണൂർ പരിയാരം മെഡിക്കൽ/ഡന്റൽ കോളേജുകളിലോ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

(vi) സ്പോട്ട് അഡ്മിഷന് വിദ്യാർത്ഥികൾ നേരിട്ട് ഹാജരാകേണ്ടതാണ്.

(vii) പുതുതായി സർക്കാർ മെഡിക്കൽ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **25,000/– രൂപ**യും, സർക്കാർ ഡെന്റൽ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **23,000/– രൂപ**യും, സ്വാശ്രയ മെഡിക്കൽ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2,50,000/– രൂപ ട്യൂഷൻ** ഫീസും ബന്ധ പ്പെട്ട മറ്റു ചാർജുകളും, സ്വാശ്രയ ഡെന്റൽ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2,10,000/– രൂപ ട്യൂഷൻ** ഫീസും ബന്ധപ്പെട്ട മറ്റു ചാർജുകളും അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471 2339101, 2339102, 2339103, 2339104 എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
28.09.2016

പ്രവേശന പരീക്ഷാ കമ്മീഷണർ